കേരള പൊതു വിൽപ്പന നികുതി നിയമപ്രകാരം നിലവിലുണ്ടായിരുന്ന എല്ലാ നികുതി ഒഴിവുകളും, നികുതി ഇളവുകളും ഇല്ലാതെയായി.

(ബി) നികുതി വർദ്ധനവുമൂലം ഗ്രോസ്സറി, മദ്യം എന്നിവയ്ക്ക് വില കൂടിയിട്ടുണ്ട്.

(സി) മൂല്യവർദ്ധിത നികുതി നിയമത്തിൽ ഒരു വിഭാഗത്തിനും നികുതി ഇളവോ ഒഴിവോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്. മാത്രവുമല്ല, ഈ സൗകര്യം സൈനികർ അല്ലാത്തവരും ദുരുപയോഗം ചെയ്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മിലിറ്ററി കാന്റീനുകൾവഴി വിഭ്യമാക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വർദ്ധിപ്പിച്ച നികുതി ഇളവു ചെയ്യുന്നതിന് നടപടി

17 [1847] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്ത ഭടൻമാർക്ക് കാന്റീനുകൾവഴി വിഭ്യമാക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വർദ്ധിപ്പിച്ച നികുതി എത്ര ശതമാനമാണ്;

(ബി) ഇവരുടെ രാജ്യസേവനം പരിഗണിച്ച് വർദ്ധിപ്പിച്ച നികുതി ഇളവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിമുക്ത ഭടൻമാർക്ക് കാന്റീനുകൾവഴി വിഭ്യമാക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ നിലവിലുള്ള നികുതി വിൽപ്പനയുടെ ആദ്യ ഘട്ടത്തിൽ 90% മാണ്. കൂടാതെ 5% വിറ്റുവരവ് നികുതിയും നൽകേണ്ടതുണ്ട്.

(ബി) മൂല്യവർദ്ധിത നികുതി നിയമത്തിന്റെ തത്വപ്രകാരം യാതൊരുവിധ നികുതി ഒഴിവുകളോ, നികുതി കിഴിവോ നൽകുവാൻ പാടുള്ളതല്ല. ഇത്തരം സൗജന്യങ്ങൾ ആവശ്യമെങ്കിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നൽകേണ്ടത്. കൂടാതെ പട്ടാളക്കാരുടെ സൗജന്യങ്ങൾ ഉപയോഗപ്പെടുത്തി സുഖഭോഗ വസ്തുക്കളായ ഫ്രിഡ്ജ്, ടി. വി., എ. സി. കാറുകൾ എന്നിവ പട്ടാളക്കാർ അല്ലാത്തവർ വാങ്ങുന്നതായും അങ്ങനെ വൻ നികുതി നഷ്ടം സംഭവിക്കുന്നതായും മുൻകാലങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly